ചർച്ചചെയ്യാം, കണ്ടെത്താം

♦ പാഠഭാഗം വായിച്ച് കണ്ടെത്തിയ സവിശേഷതകൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക

സൂചനകൾ

• എന്താണ് കുമ്മാട്ടിക്കളി?

തൃശൂർ ജില്ലയിലും പരിസരങ്ങളിലും ഓണക്കാലത്ത് ആർപ്പുവിളിച്ച് 'വില്ലുകൊട്ടി വീടുകൾ തോറും കയറിയിറങ്ങി കുട്ടികളും ചെറുപ്പക്കാരും അവതരിപ്പിക്കുന്ന നാടോടിക്കലയാണ് ദേശക്കുമ്മാട്ടി. അനുഷ്ഠാനാംശം കുറഞ്ഞ , പ്രാദേശിക കലാരൂപമായ കുമ്മാട്ടി ആദ്യകാലത്ത് മനകളിലും തറവാടുകളിലും നായന്മാർ അവതരിപ്പിച്ചിരുന്നതാണ്. ഇന്ന് ദേശത്തെ എല്ലാ ജാതിക്കാരും പങ്കെടുക്കുന്ന, ദേശോത്സവമായി ഇതു മാറിയിരിക്കുന്നു.

• കുമ്മാട്ടിക്കളിയുടെ വേഷസവിശേഷതകൾ എന്തെല്ലാം?

മാറ് കണക്കിന് നീളത്തിൽ മെടഞ്ഞ പുല്ല് കാലിൽനിന്ന് മുകളിലേക്ക് കെട്ടുന്നു. കാലിലും കൈയിലും മൂന്നു കെട്ട്, മാറിലും ചുമലിലും അരയിലും ഓരോ കെട്ട് എന്നാണ് കണക്ക്. വ്യക്തിയെ അറിയാതിരിക്കാൻ തലയിൽ മുണ്ടുകെട്ടി അനുഷ്ഠാനപരമായി മുഖാവരണം വയ്ക്കുന്നു. ദൈവാധീനത്തിനുവേണ്ടി ആദ്യം ഹനുമാന്റെയോ കൃഷ്ണന്റെയോ മുഖാവരണമാണ് കെട്ടുക. പന്നിക്ക് വാഴച്ചപ്പാണ് വേഷം

• കുമ്മാട്ടിക്കളിയുടെ ആഘോഷരീതി എങ്ങനെയുള്ളതാണ്?

കുമ്മാട്ടി കെട്ടിക്കഴിഞ്ഞാൽ എല്ലാവരും ആർപ്പുവിളിച്ച് അടുത്തുള്ള ആരാധനാലയത്തിൽ പോയി നാളികേരമുടയ്ക്കുന്നു. കിഴക്കുംപാട്ടുകര കുമ്മാട്ടിസംഘം പനക്കും പുള്ളി ശിവക്ഷേത്രത്തിലും ഊരകം കുമ്മാട്ടി അമ്മത്തിരുവടിയുടെ ക്ഷേത്രത്തിലും നമിച്ചുകൊണ്ടാണ് കളി ആരംഭിക്കുന്നത്. ഓരോ സംഘത്തിലും അഞ്ചോ ആറോ കുമ്മാട്ടികളും സംഘനേതാവായി തള്ളയുമുണ്ടാകും. നാലഞ്ചു പാട്ടുകാരും ഏകതാളത്തിൽ കൊട്ടുന്ന രണ്ടോ മൂന്നോ വില്ലുകൊട്ടുകാരും ചേർന്നതാണ് ദേശക്കുമ്മാട്ടി.

വിശകലനം ചെയ്യാം, കുറിപ്പ് തയ്യാറാക്കാം

♦ കാർഷികോത്സവങ്ങളും നാട്ടുത്സവങ്ങളും ജനമൈത്രി നിലനിർത്താൻ സഹായിക്കുന്നതെങ്ങനെ? പാഠഭാഗവും മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

പ്രാദേശിക കലാരൂപമായ കുമ്മാട്ടി ആദ്യകാലത്ത് മനകളിലും തറവാടുകളിലും നായന്മാർ അവതരിപ്പിച്ചിരുന്നതാണെങ്കിലും ഇന്നു ജാതിമത ഭേദമില്ലാതെ എല്ലാവരും പങ്കെടുക്കുന്ന കൂട്ടായ്മയുടെ ഉത്സവമാണ്. ഓണം, പുലികളി, കുമ്മാട്ടിക്കളി തുടങ്ങിയവയെല്ലാം നാനാജാതി മതസ്ഥരും പങ്കെടുക്കുന്ന

ആഘോഷങ്ങളാണ്. ജനമൈത്രിയും ഐക്യവും വിളിച്ചോതുന്ന ഇത്തരം നാട്ടുത്സവങ്ങൾ എല്ലാ അതിർവരമ്പുകളും ഇല്ലാതാക്കുകയും നാമെല്ലാം ഒന്നാണ് എന്ന ബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. മതേതര മൂല്യങ്ങൾ കാത്തുസൂക്ഷിക്കപ്പെടേണ്ടതാണെന്ന് ഗ്രാമീണ നിഷ്കളങ്കതയും, സാംസ്കാരിക തനിമയുമുള്ള ഇത്തരം നാടോടിക്കലകൾ നമ്മെ ഓർമ്മികപ്പിക്കുന്നു.

കാർഷികോത്സവം

♦ നമ്മുടെ നാട്ടിലുമുണ്ട് കാർഷികോത്സവങ്ങളും നാട്ടുത്സവങ്ങളും.

- കാളവേല
- വേല
- പൂരം
- ഓണം
- വിഷു
- മരമടി

<u>കൃഷിപ്പാട്ടുകൾ ശേഖരിക്കാം</u>

ആതിച്ചൻ ചന്തിരാൻ രണ്ടല്ലോ കാള
കാഞ്ഞിരക്കീഴ് നടുക്കണ്ടം തുണ്ടത്തിൽ
ആതിച്ചൻ കാളേ വലത്തും വച്ചു
ചന്തിരൻ കാളേ യിടത്തും വച്ചു
ഇച്ചാലു പൂട്ടീ മറുചാലുഴുവുമ്പം
ചേറും കട്ടയൊടയും പരുവത്തിൽ
ചവുട്ടിനിരത്തിയാ വാച്ചാലും കോരീ
വാച്ചാലും കോരി പൊരിക്കോലും കുത്തീ
പൊരിക്കോലും കുത്തിയാ വാരി വെതപ്പീനാ
വാരിവിതച്ചൂ മടയുമടപ്പീനാ
പിറ്റേന്നുനേരം വെളുത്തതും തീയതീ
മട തുറന്നു വെതയും തോത്തീ
നെല്ലെല്ലാം കാച്ചു കനിയും പരുവത്തിൽ
നെല്ലിന്റെ മുട്ടിപ്പെരമാവും കാവല്.

---

ഏലയ്യാ...ഏലയ്യാ...
ഏലയ്യാ...ഏലയ്യാ...
കൊയ്യാൻ പോരെടി പെണ്ണാളേ
ഏലയ്യാ...ഏലയ്യാ...
കറ്റ കെട്ടടി പെണ്ണാളേ
ഏലയ്യാ...ഏലയ്യാ...

മാനം ഇരുണ്ടെടി പെണ്ണാളേ
ഏലയ്യാ...ഏലയ്യാ...
കൂരേ കേറടി പെണ്ണാളേ
ഏലയ്യാ...ഏലയ്യാ...
ഏലയ്യാ...ഏലയ്യാ...

---

നെല്ലുകൊയ്യെട കോരാ
എനിക്കു വയ്യെന്റമ്മേ
കറ്റകെട്ടട കോരാ
എനിക്കു വയ്യെന്റമ്മേ
കറ്റ മെതിക്കട കോരാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞി വെയ്ക്കുട കോരാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞി കുടിക്കെട കോര
അങ്ങനെ പറയെന്റമ്മേ
അയ്യട! ഇപ്പക്കിട്ടും
മോനേ പോയി പണി ചെയ്യ്.